സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ഏപ്രിൽ 19 ബുധൻ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ


## ലോകജനസംഖ്യയിൽ ചൈനയെ മറികടന്ന് ഇന്ത്യ

# ഒന്നാമത്

ന്യൂഡൽഹി: ലോകത്തെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രാജ്യം ഇനി ഇന്ത്യയെന്ന് യു.എൻ പോപ്പുലേഷൻ ഫണ്ട്. ചൈനീസ് ജനസംഖ്യയേക്കാൾ ഇന്ത്യയിൽ 29 ലക്ഷം പേർ കൂടുതലാണെന്ന് യു. എൻ. എഫ്.പി.എ പുറത്തുവിട്ട ഏറ്റവുമൊടുവിലെ കണക്കുകൾ സൂചിപ്പിക്കുന്നു. ചൈനയിൽ 142.57 കോടിയാണ് ജനസംഖ്യയെങ്കിൽ ഇന്ത്യയിൽ 142.86 കോടിയിലെത്തിനിൽക്കുന്നു. കഴിഞ്ഞ വർഷം ഏറ്റവും ഉയർന്ന ജനസംഖ്യ ഉണ്ടായിരുന്ന ചൈനയിൽ പിന്നീട് വർധനയ്ക്കു പകരം ജനസംഖ്യാ കണക്കുകൾ താഴോട്ടാണ് പോയ്ക്കൊണ്ടിരുന്നത്. 1980കൾ മുതൽ തന്നെ



വർധന നിരക്കുകൾ കുറഞ്ഞു വരുന്നതാണ് കഴിഞ്ഞ വർഷത്തിനുശേഷം പൂർണമായും താഴോട്ടായതെന്ന് യു.എൻ.എഫ്.പി.എ മീഡിയ ആൻഡ് ക്രൈസിസ് കമ്മ്യൂണിക്കേഷൻസ് ഉപദേഷ്ടാവ് അന്ന ജഫ്രീസ് പറഞ്ഞു. ഇന്ത്യൻ ജനസംഖ്യയിൽ 25 ശതമാനവും 14 വയസ്സിൽ താഴെയുള്ളവരാണ്. 10-19 പ്രായക്കാർ 18 ശതമാനം, 10-24 പ്രായക്കാർ 26 ശതമാനം, 15-64 പ്രായക്കാർ 68 ശതമാനം, 65 വയസ്സിനു മുകളിലുള്ളവർ ഏഴ് ശതമാനം എന്നിങ്ങനെയാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 1950 കളിൽ ലോകജനസംഖ്യ കണക്കുകൾ യു. എൻ പുറത്തുവിടാൻ തുടങ്ങിയ ശേഷം ആദ്യമായാണ് ഇന്ത്യ ഒന്നാമതെത്തുന്നത്. ഒന്നാം സ്ഥാനത്തായിരുന്ന ചൈനയെ ഇന്ത്യ അതിവേഗം മറികടക്കുമെന്ന് നേരത്തേ സൂചനകളുണ്ടായിരുന്നു.



## വന്ദേഭാരത് രണ്ടാംഘട്ട പരീക്ഷണ ഓട്ടം ഇന്ന്

തിരുവനന്തപുരം: വന്ദേഭാരത് എക്സ്പ്രസിന്റെ രണ്ടാമത്തെ പരീക്ഷണ ഓട്ടം ആരംഭിച്ചു. തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ നിന്ന് പുലർച്ചെ 5.20ന് ട്രെയിൻ പുറപ്പെട്ടു. ട്രെയിൻ സർവീസ് കാസർകോട് വരെ നീട്ടിയ പശ്ചാതലത്തിൽ കാസർകോട് വരെ പരീക്ഷണ ഓട്ടം നടത്താനാണ് സാധ്യത. പിന്നാലെ തിരുവനന്തപുരം നിന്ന് കാസർക്കോട് വരെ ട്രയൽ റൺ നടത്തും. ട്രെയിനിന്റെ വേഗതയും സുരക്ഷയും കൂടുതൽ ഉറപ്പാക്കാനാണ് വീണ്ടും പരീക്ഷണ ഓട്ടം നടത്തുന്നത്.

അതേസമയം, വന്ദേഭാരത് എക്സ്പ്രസിന്റെ യാത്ര തിരുവനന്തപുരം മുതൽ കാസർകോട് വരെയാക്കി. കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവാണ് കാസർകോട് വരെ നീട്ടിയെന്ന കാര്യം പ്രഖ്യാപിച്ചത്. വന്ദേഭാരതിന്റെ കേരളത്തിലെ ഫ്ളാഗ് ഓഫ് പ്രധാനമന്ത്രി തന്നെ നിർവഹിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

25ാം തിയതിയാകും വന്ദേഭാരത് മോദി കേരളത്തിന് സമർപ്പിക്കുകെയന്നും കേന്ദ്ര റെയിൽവേ മന്ത്രി അറിയിച്ചു. തുടക്കത്തിൽ എട്ടു കോച്ചുകളുമായാകും സർവീസ്. വന്ദേഭാരതിന്റെ ആശയത്തെ തന്നെ ഇല്ലാതാക്കുമെന്നതിനാൽ കൂടുതൽ സ്റ്റോപ്പ് അനുവദിക്കില്ല, പകരം കൂടുതൽ ട്രെയിനുകൾ അനുവദിക്കുമെന്നും കേന്ദ്ര മന്ത്രി വ്യക്തമാക്കിയിരുന്നു. നിരവധി പേരുടെ ആവശ്യപ്രകാരമാണ് വന്ദേഭാരത് കേരളത്തിന് നൽകാൻ തീരുമാനിച്ചത്. 70 മുതൽ 110 കിലോമീറ്റർ വരെയാകും കേരളത്തിലെ വിവിധ മേഖലകളിൽ വന്ദേഭാരതിന്റെ നിലവിലെ വേഗതയെന്നും ഫേസ് ഒന്ന് കേരളത്തിൽ ഒന്നര വർഷത്തിനകം പൂർത്തിയാക്കുമെന്നും അദ്ദേഹം വിവരിച്ചു. ഫേസ് 2 പൂർത്തിയായാൽ കേരളത്തിൽ 130 കിലോമീറ്റർ വരെ വേഗതയിൽ സഞ്ചരിക്കാനാകും. തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുമെന്നും കേന്ദ്ര റെയിൽവേ മന്ത്രി കൂട്ടിച്ചേർത്തു.

## ഇന്ത്യയിലെ ഏറ്റവും സുരക്ഷിതമായ ബാങ്കുകളുടെ പട്ടിക പുറത്തിറക്കി റിസർവ് ബാങ്ക്

മുംബൈ: ഇന്ത്യയിലെ ഏറ്റവും സുരക്ഷിതമായ ബാങ്കുകളുടെ പട്ടിക റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറത്തിറക്കി. ചില പ്രമുഖ ബാങ്കുകളുടെ തകർച്ചയോടെ ലോകത്തൊട്ടാകെ തന്നെ ബാങ്കുകളിൽ മേലുള്ള വിശ്വാസം ജനങ്ങൾക്ക് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായതോടെയാണ് ഇന്ത്യയിലെ സുരക്ഷിത ബാങ്കുകളുടെ പട്ടിക റിസർവ് ബാങ്ക് പുറത്ത് വിട്ടത്. ഡൊമസ്റ്റിക്കലി സിസ്റ്റമാറ്റിക്കലി ഇംപോർട്ടന്റ്സ് ബാങ്ക് എന്ന പേരിലാണ് റിസർവ് ബാങ്ക് ഇന്ത്യയിലെ



ഏറ്റവും സുരക്ഷിതമായ ബാങ്കുകളുടെ പട്ടിക പുറത്തിറക്കിയിട്ടുള്ളത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയാണ് പൊതുമേഖലാ ബാങ്കുകളുടെ പട്ടികയിൽ ഏറ്റവും സുരക്ഷിതമായ ബാങ്കായി റിസർവ് ബാങ്ക് ലിസ്റ്റ് ചെയ്തിട്ടുള്ളത്. സ്വകാര്യ ബാങ്കുകളിൽ ഏറ്റവും സുരക്ഷിതമായ ബാങ്കുകൾ എച്ച്. ഡി. എഫ്.സിയും ഐ.സി.ഐ.സി. ഐയുമാണ് സുരക്ഷിതമായ ബാങ്കുകളായി റിസർവ് ബാങ്ക് പരിഗണിക്കുന്നത്. രാജ്യത്തെ ചില പ്രമുഖ ഷെഡ്യൂൾഡ് ബാങ്കുകളും ഈ പട്ടികയിൽ ഉൾപ്പെടുമെന്നാണ് സൂചന. ഇതിനായുള്ള സൂക്ഷ്മപരിശോധനകൾ നടന്നുവരുന്നു.

## എപ്പോഴും എൻ.സി.പിക്കൊപ്പം: അജിത് പവാർ

ന്യൂഡൽഹി: താൻ എപ്പോഴും എൻ.സി.പിക്കൊപ്പമെന്ന് അജിത് പവാർ. ഇപ്പോഴത്തെ അഭ്യൂഹങ്ങളൊന്നും തന്നെ ശരിയല്ല. താൻ എപ്പോഴും എൻ.സി.പിക്കൊപ്പം തന്നെയാണ്. പാർട്ടി പറയുന്നത് മാത്രമേ താൻ ചെയ്യൂ. അതല്ലാതെ ഏതെങ്കിലും തരത്തിൽ തന്നെക്കുറിച്ച് തെറ്റിദ്ധാരണ ഉണ്ടാക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നതെന്നും അജിത് പവാർ പറയുന്നു. അഭ്യൂഹങ്ങളൊക്കെ പൂർണ്ണമായും തള്ളിക്കളയുകയാ



ണ് ഇദ്ദേഹം. അതേ സമയം മറ്റ് സ്ഥലങ്ങളിലെ പരിപാടികളൊക്കെ റദ്ദാക്കി അജിത് പവാർ മുംബൈയിൽ തുടരുകയാണ്.ടിറ്ററിൽ പാർട്ടി പേരും ചിഹ്നവുമുള്ള കവർ ഫോട്ടോ അജിത് പവാർ നീക്കം ചെയ്തിരുന്നു. വിമത നീക്കം നടത്തിയേക്കുമെന്ന് അഭ്യൂഹങ്ങൾക്കിടെയാണ് അജിത് പവാറിന്റെ ഈ നടപടി. നേരത്തെ ഉയർന്ന അഭ്യൂഹങ്ങളെ സാധൂകരിക്കുന്ന നീക്കങ്ങളായി ഇതിനെ വിലയിരുത്തുന്നുണ്ട്. എൻ.സി.പി എന്ന പേരും ചിഹ്നവുമൊക്കെ അടങ്ങുന്ന ചിത്രമാണ് ഇപ്പോൾ കവർ ഫോട്ടോയിൽ നിന്ന് അജിത് പവാർ നീക്കം ചെയ്തിരിക്കുന്നത്. ചില എൻ.സി.പി നേതാക്കളുമായി അജിത് പവാർ കൂടിക്കാഴ്ച നടത്തുന്നുണ്ട്.

## സുഡാനിൽ കുടുങ്ങിയ ഇന്ത്യക്കാർ: രാഷ്ട്രീയം കളിക്കരുതെന്ന് സിദ്ധരാമയ്യയോട് വിദേശകാര്യമന്ത്രി

ന്യൂഡൽഹി: സുഡാനിലെ ആഭ്യന്തരകലാപത്തിൽ കുടുങ്ങിപ്പോയ ഇന്ത്യക്കാരെ തിരിച്ചെത്തിക്കുന്നതുമായി ബന്ധപ്പെട്ട് കർണാടക കോൺഗ്രസ് നേതാവ് സിദ്ധരാമയ്യയെ വിമർശിച്ച് കേന്ദ്രവിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ. സുഡാനിൽ കുടുങ്ങിക്കിടക്കുന്നവരെ തിരികെയെത്തിക്കുന്നതിനായി കേന്ദ്രസർക്കാർ ഇടപെടുന്നില്ലെന്നാണ് സിദ്ധരാമയ്യയുടെ ആരോപണം. കർണാടകയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട 31 പേരാണ് സുഡാനിൽ കുടുങ്ങിക്കിടക്കുന്നതെന്നാണ് വിവരം. ആഭ്യന്തരകലാപം രൂക്ഷമായ സുഡാനിൽ ഭക്ഷണം പോലും ലഭ്യമാകാതെ ഇന്ത്യാക്കാർ ഒറ്റപ്പെട്ടിരിക്കുകയാണെന്നും അവരെ തിരികെയെത്തിക്കുന്നതിൽ കേന്ദ്രസർക്കാർ നിഷ്ക്രിയത്വം കാണിക്കുന്നുവെന്നും ആരോപിച്ച് സിദ്ധരാമയ്യ ട്വീറ്റ് ചെയ്തിരുന്നു.

സിദ്ധരാമയ്യ വിഷയത്തെ രാഷ്ട്രീയവൽക്കരിക്കുകയാണെന്ന് ആരോപിച്ച് കേന്ദ്രവിദേശകാര്യമന്ത്രി രംഗത്തെത്തിയതോടെ ഇരുവരും തമ്മിലുള്ള വാഗ്വാദം മുറുകി. ഒരു തെരഞ്ഞെടുപ്പ് ലക്ഷ്യവും വിദേശത്തുള്ള ഇന്ത്യക്കാരെ അപകടത്തിലാക്കുന്നതിനെ ന്യായീകരിക്കുന്നില്ലെന്നും അവി



എസ്.ജയശങ്കർ, സിദ്ധരാമയ്യ

ടെയുള്ള ജീവനുകൾ അപകടത്തിലാണെന്നും രാഷ്ട്രീയം കളിക്കരുതെന്നും സിദ്ധരാമയ്യയ്ക്ക് ജയ്ശങ്കർ മറുപടി കൊടുത്തു. ഇതിനെതിരേ രൂക്ഷമായ ഭാഷയിൽ സിദ്ധരാമയ്യ പ്രതികരിച്ചു. താങ്കൾ വിദേശകാര്യമന്ത്രി ആയതിനാലാണ് ഞാൻ താങ്കളോട് സഹായം അഭ്യർഥിച്ചത്.

'താങ്കൾ തിരക്കിലാണെങ്കിൽ ഞങ്ങളുടെ ആളുകളെ തിരികെ കൊണ്ടുവരാൻ സഹായിക്കാൻ കഴിയുന്ന ആളുകളെ കാണിച്ചുതരൂ' എന്ന് അദ്ദേഹം ടീറ്റ് ചെയ്തു. ഗുരുതരമായ ഈ സാഹചര്യത്തെ രാഷ്ട്രീയവൽക്കരിച്ചത് നിരുത്തരവാദപരമാണെന്നും യുദ്ധം ആരംഭിച്ചതുമുതൽ ഇന്ത്യൻ എംബസി സുഡാനിലെ ഇന്ത്യൻ പൗരന്മാരുമായും പി.ഐ.ഒമാരുമായും ബന്ധപ്പെട്ടിരുന്നുവെന്നും മന്ത്രി അറിയിച്ചു.


സുഡാനിലെ ഇന്ത്യക്കാരുടെ ക്ഷേമം ഉറപ്പാക്കാൻ കേന്ദ്ര സർക്കാർ നയതന്ത്ര ചർച്ചകൾ



സൗത്ത് സുഡാൻ പീപ്പിൾസ് ഡിഫൻസ് ഫോഴ്സിലെ അംഗങ്ങൾ. ജുബാ ഇന്റർനാഷണൽ എയർപോർട്ടിൽ നിന്നുള്ള ദൃശ്യം

ഉടനെ ആരംഭിക്കണമെന്നും അന്താരാഷ്ട്ര ഏജൻസികളുമായി ബന്ധപ്പെടണമെന്നും കോൺഗ്രസ് ആവശ്യപ്പെട്ടു. നിലവിലെ സാഹചര്യം കുറച്ചു ദിവസം കൂടി തുടർന്നേക്കാമെന്നും ഇന്ത്യൻ പൗരന്മാർ പുറത്തിറങ്ങാതെ ജാഗ്രത പാലിക്കണമെന്നും ഇന്ത്യൻ എംബസി നിർദേശിച്ചു. സുഡാൻ സൈന്യവും അർദ്ധസൈനിക വിഭാഗവും തമ്മിലുള്ള ഏറ്റുമുട്ടലാണ് ആഭ്യന്തരകലാപത്തിന് കാരണം. ഏറ്റുമുട്ടലിൽ 185 പേർ കൊല്ലപ്പെടുകയും 1800 പേർക്ക് പരുക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

## തിരുവനന്തപുരം കിഴക്കേകോട്ടയിൽ വൻ തീപിടിത്തം; അഞ്ച് കടകൾ കത്തിനശിച്ചു



1. കിഴക്കേക്കോട്ടയിൽ ബസ്‌വെയ്റ്റിങ്ങിന് സമീപത്തെ ചായക്കടയിൽ തീപിടിത്തമുണ്ടായപ്പോൾ 2. അഗ്നിരക്ഷാ സേന സംഭവസ്ഥലത്ത് എത്തിയപ്പോൾ

തിരുവനന്തപുരം: കിഴക്കേക്കോട്ടയിൽ വൻ തീപിടുത്തം. അഞ്ച് കടകൾ കത്തിനശിച്ചു. ബസ് വെയ്റ്റിങ്ങിനു സമീപത്തെ ചായക്കടയിലാണ് തീപിടിത്തമുണ്ടായത്. തുടർന്ന് സമീപത്തെ കടകളിലേക്കും പടരുകയായിരുന്നു. ചായക്കടയിലെ ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ചാണ് അപകടമുണ്ടായത്. സംഭവത്തിൽ ആളപായമില്ല. അഗ്നിരക്ഷാസേനയുടെ അഞ്ച് യൂണിറ്റെത്തി രക്ഷാപ്രവർത്തനം നടത്തി തീ നിയന്ത്രണവിധേയമാക്കി. തീപിടിത്തം ഉണ്ടായ ഉടനെ മറ്റ് കടകളിലെ സാധനങ്ങൾ മാറ്റിയതിനാൽ പൂർണമായി കത്തി നശിച്ചിട്ടില്ല. പ്രദേശത്ത് വലിയ തോതിൽ പുക ഉയർന്നിട്ടുണ്ട്. നാട്ടുകാരും കെ.എസ്.ആർ.ടി.സി ജീവനക്കാരും പോലിസും ഫയർ ഫോഴ്സും ചുമട്ടു തൊഴിലാളികളും സംയുക്തമായി സജീവമായി ഇടപെട്ടത് കൊണ്ടാണ് തീ വേഗത്തിൽ അണക്കാൻ കഴിഞ്ഞതെന്ന് മന്ത്രി ആന്റണി രാജു പറഞ്ഞു. നോർത്ത് ബസ് സ്റ്റാന്റിനോട് ചേർന്ന സ്ഥലത്താണ് അപകടം നടന്നത്. വലിയ അപകട സാധ്യത ഒഴിഞ്ഞിട്ടുണ്ടെന്നും കാര്യങ്ങൾ നിയന്ത്രണ വിധേയമാണെന്നും അദ്ദേഹം അറിയിച്ചു. അതേസമയം പ്രദേശത്ത് ഇപ്പോൾ വലിയ ഗതാഗതക്കുരുക്കാണ് അനുഭവപ്പെടുന്നത്.

## ബി.ജെ.പിക്കൊപ്പം നിൽക്കണം: ടി.എം.സി നേതാവ് മുകുൾറോയ്

ന്യൂഡൽഹി: കാണാതായെന്ന പരാതിക്കും അഭ്യൂഹങ്ങൾക്കും പിന്നാലെ തനിക്ക് ബി.ജെ.പിയിലേക്ക് തിരിച്ച് പോകാൻ ആഗ്രഹമുണ്ടെന്ന് തുറന്നുപറഞ്ഞ് തൃണമൂൽ കോൺഗ്രസ് നേതാവ് മുകുൾ റോയ്. ബി.ജെ.പിയിലേക്ക് തിരിച്ചെത്തുമെന്ന് നൂറ് ശതമാനം ആത്മവിശ്വാസമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ഡൽഹി വിമാനത്താവളത്തിലെത്തിയ മുകുൾ റോയ് മാധ്യമപ്രവർത്തകർക്കു മുന്നിലാണ് മനസ്സ് തുറന്നത്. ഞാനൊരു ബി.ജെ.പി നിയമസഭാംഗമാണ്. എനിക്ക് ബി.ജെ.പി.ക്കൊപ്പം നിൽക്കണം. അമിത് ഷായെയും ജെ.പി നദ്ദയുമായി സംസാരിക്കാൻ ആഗ്രഹമുണ്ട് മുകുൾ റോയ് പറഞ്ഞു. അതേസമയം, പിതാവിന് മറവിരോഗവും പാർക്കിൻസൺസ്



രോഗവും ഉണ്ടെന്ന് മകൻ പറഞ്ഞു. പിതാവ് ശരിയായ മാനസികാവസ്ഥയിലല്ല. സുഖമില്ലാത്ത ഒരാളുമായി രാഷ്ട്രീയം കളിക്കരുതെന്നും മകൻ അഭ്യർത്ഥിച്ചു. കഴിഞ്ഞ മാസം ശസ്ത്രക്രിയക്ക് വിധേയനായെന്നും കുടുംബാംഗങ്ങളെയും അടുത്ത കൂട്ടുകാരെയും പോലും തിരിച്ചറിയാൻ സാധിച്ചില്ലെന്നും മകൻ പറഞ്ഞു. കഴിഞ്ഞ ദിവസം മുകുൾ റോയിയെ കാണാനില്ലെന്ന് മകൻ പരാതി നൽകിയിരുന്നു. ഈ അവസരത്തിലാണ് മുകുൾ റോയ് മാധ്യമപ്രവർത്തകരോട് പ്രതികരിച്ചത്. ടി.എം. സിയുടെ സ്ഥാപക നേതാവായ മുകുൾ റോയ് 2017ൽ ബി.ജെ.പിയിൽ ചേർന്നു. 2021ലെ ബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പി സ്ഥാനാർത്ഥിയായി വിജയിച്ചു. എന്നാൽ, എം.എൽ.എ സ്ഥാനം രാജിവെക്കാതെ അദ്ദേഹം തൃണമൂൽ കോൺഗ്രസിൽ തിരിച്ചെത്തി. ആരോഗ്യപ്രശ്നങ്ങളാൽ കുറച്ചുകാലം വിശ്രമത്തിലായിരുന്നു. എന്നാൽ ഇപ്പോൾ സുഖം പ്രാപിച്ചുവെന്നും രാഷ്ട്രീയത്തിൽ സജീവമാകുമെന്നും മുകുൾ റോയ് വ്യക്തമാക്കി. മുകുൾ റോയ് പാർട്ടിയിലേക്ക് തിരിച്ചെത്തുമാണ് പ്രതീക്ഷയെന്നും കുറച്ച് ദിവസങ്ങൾ കാത്തിരിക്കണമെന്നുമായിരുന്നു ബി.ജെ.പിയുടെ പ്രതികരണം.

## ശല്യപ്പെടുത്തിയാൽ സർക്കാരിനെ മുഴുവൻ അദാനി വിഴുങ്ങും: സത്യപാൽ മാലിക്

ന്യൂഡൽഹി: പുൽവാമ ഭീകരാക്രമണവുമായി ബന്ധപ്പെട്ട വിവാദ വെളിപ്പെടുത്തലിനു പിന്നാലെ അദാനിയും കേന്ദ്രസർക്കാരും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് മുൻ ജമ്മു കശ്മീർ ഗവർണറും ബി.ജെ.പി നേതാവുമായ സത്യപാൽ മാലിക്. പ്രധാനമന്ത്രി നരേന്ദ്രമോദി ഒരിയ്ക്കലും അദാനിയെ കളിയാക്കുകയോ ശല്യപ്പെടുത്തുകയോ ചെയ്യില്ല എന്ന് സത്യപാൽ മാലിക് ട്വീറ്റ് ചെയ്തു. അദാനിയെ മോദി കളിയാക്കിയാൽ സർക്കാരിനെ മുഴുവനായും അദാനി വിഴുങ്ങുമെന്നാണ് അദ്ദേഹം ട്വീറ്റ് ചെയ്തത്. പുൽവാമ ഭീകരാക്രമണത്തെ സംബന്ധിച്ച സത്യപാൽ മാലികിന്റെ നിർണായക വെളിപ്പെടുത്തൽ സൃഷ്ടിച്ച കോളിളക്കം കെട്ടടങ്ങുന്നതിനു മുമ്പാണ്



പുതിയ പരാമർശം എന്നത് ശ്രദ്ധേയമാണ്. നാലുവർഷം മുമ്പ് നടന്ന പുൽവാമ ഭീകരാക്രമണത്തിൽ 40 സി.ആർ.പി.എഫ് ജവാന്മാർ കൊല്ലപ്പെടാനിടയായ സുരക്ഷാ വീഴ്ചയെക്കുറിച്ച് പ്രധാനമന്ത്രിയോട് സൂചിപ്പിച്ചപ്പോൾ ഇക്കാര്യം പുറത്തു പറയരുതെന്നാണ് നിർദേശം കിട്ടിയതെന്ന വെളിപ്പെടുത്തൽ കേന്ദ്ര സർക്കാരിനേയും പ്രധാനമന്ത്രിയേയും പ്രതിരോധത്തിലാക്കിയിരുന്നു.

ദേശീയ സുരക്ഷാ ഉപദേശകനും തന്റെ സഹപാഠിയുമായ അജിത് ഡോവലും ഇക്കാര്യത്തിൽ മൗനം പാലിക്കാനാണ് തന്നോടാവശ്യപ്പെട്ടതെന്നും മാലിക് ഒരു അഭിമുഖത്തിൽ വ്യക്തമാക്കിയിരുന്നു. ആയിരത്തോളം ജവാന്മാരെ റോഡിലൂടെ വാഹനവ്യൂഹത്തിൽ കൊണ്ടുപോകുന്നതിനു പകരം സി.ആർ.പി.എഫ് അധികൃതർ വിമാനം ആവശ്യപ്പെട്ടിട്ടും കേന്ദ്ര ആഭ്യന്തരമന്ത്രാലയം ആവശ്യം തള്ളിയെന്ന മാലികിന്റെ വെളിപ്പെടുത്തൽ ദേശീയ രാഷ്ട്രീയത്തിൽ വൻ കോളിളക്കമാണ് സൃഷ്ടിച്ചത്.

## സിൽവർലൈൻ ഒഴിവാക്കിയിട്ടില്ല; മുഖ്യമന്ത്രിയുമായി ചർച്ച നടത്തും: കേന്ദ്ര റെയിൽവേ മന്ത്രി

ന്യൂഡൽഹി: കേരളത്തിന്റെ സ്വപ്ന പദ്ധതിയായ സിൽവർ ലൈൻ ഒഴിവാക്കിയിട്ടില്ലെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വനി വൈഷ്ണവ്. വന്ദേഭാരത് സർവീസിനെ കുറിച്ച് വിശദീകരിക്കാൻ വിളിച്ച പത്രസമ്മേളനത്തിലായിരുന്നു മന്ത്രിയുടെ പ്രതികരണം. വന്ദേഭാരത് എകസ്പ്രസ് സിൽവർലൈനിന് ബദലാകുമെന്ന തരത്തിൽ രാഷ്ട്രീയ വിവാദങ്ങൾ ഉയരുന്നതിനിടെയാണ് മന്ത്രിയുടെ പ്രസ്താവന. വന്ദേഭാരതും സിൽവർലൈനും രണ്ട് പദ്ധതികളാണ്.

നിലവിലെ സിൽവർലൈൻ ഡി.പി.ആർ പ്രായോഗികമല്ലെന്നും പുതിയ റിപ്പോർട്ട് സമർപ്പിക്കുകയാണെങ്കിൽ പദ്ധതി നടപ്പിലാകുമെന്നുമാണ് മന്ത്രി അറിയിച്ചത്. കേരളത്തിലെ



അശ്വനി വൈഷ്ണവ്

സിൽവർലൈൻ പദ്ധതി ഒഴിവാക്കിയോ എന്ന ചോദ്യത്തിന് മറുപടിയായാണ് മന്ത്രി നിലപാട് വ്യക്തമാക്കിയത്. വിഷയത്തിൽ കേന്ദ്രത്തിന്റെ നിലപാടിൽ മാറ്റമില്ല. സിൽവർലൈൻ സംഭവിക്കുമെന്നും മുഖ്യമന്ത്രിയുമായി ചർച്ചകൾ നടത്തുമെന്നും മന്ത്രി പറഞ്ഞു. നിലവിലെ വിശദ പദ്ധതി രേഖയ്ക്ക് പകരം സിൽവർലൈനിന്റെ പുതിയ




സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുകയാണെങ്കിൽ പരിഗണിക്കുമെന്നാണ് മന്ത്രാലയത്തിന്റെ നിലപാടെന്ന് മന്ത്രി അറിയിച്ചു. സിൽവർലൈനിൽ നിന്ന് പിന്നോട്ട് പോകേണ്ടതില്ലെന്ന നിലപാടിലാണ് സംസ്ഥാന സർക്കാർ. പദ്ധതിക്ക് അനുമതി നൽകണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് നേരിട്ട് നിവേദനം നൽകിയിരുന്നു.


## ഗോമൂത്രം ഉടൻ കുടിക്കുന്നത് മനുഷ്യന് ഹാനികരമല്ലെന്ന് ഗോ വിഗ്യാൻ അനുസാധൻ കേന്ദ്ര

നാഗ്പൂർ: കഴിഞ്ഞ ദിവസം പുറത്തുവിട്ട ഇന്ത്യൻ വെറ്ററിനറി റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ട് തള്ളി ആർ.എസ്.എസ് പോഷകസംഘടനയായ ഗോ വിഗ്യാൻ അനുസാധൻ കേന്ദ്ര (ജി.വി.എ.കെ). ഏറ്റവും പുതിയ ഗോമൂത്രത്തിൽപ്പോലും മനുഷ്യന് അങ്ങേയറ്റം ഹാനികരമായ 14 തരം ബാക്ടീരിയകൾ അടങ്ങിയിട്ടുണ്ടെന്ന ഐ.വി.ആർ.ഐ റിപ്പോർട്ടിനെതിരേയാണ് ജി.വി.എ.കെ രംഗത്തെത്തിയത്. ഗോമൂത്രം സുരക്ഷിതമാണെന്നും പശു ഒഴിവാക്കിയ ഉടൻ കുടിക്കുന്നത് ഉത്തമമാണെന്നും ജി.വി.എ.കെ മേധാവിയും കേന്ദ്ര സർക്കാരിന്റെ പഞ്ചഗവ്യ സ്റ്റാൻഡിങ് കമ്മിറ്റി അംഗവുമായ സുനിൽ മൻസിഗ വ്യക്തമാക്കി. പശു പൂർണ ആരോഗ്യമുള്ള ഇനത്തിൽപ്പെട്ടതായിരിക്കണ തദ്ദേശീയമെന്ന് ജി.വി.എ.കെ പറഞ്ഞു. ഇപ്പോൾ അലോപ്പതി ഡോക്ടർമാർ പോലും ഗോമൂത്രം മരുന്നായി നിർദേശിക്കുന്നുണ്ടെന്നും കാലങ്ങളായി ഗോമൂത്രം ഔഷധമായി ഉപയോഗിക്കുന്നവരെ തെറ്റിദ്ധരിപ്പിക്കുന്നതാണ് ഐ.വി.ആർ.ഐ റിപ്പോർട്ട് എന്ന് മൻസിഗ പറഞ്ഞു. വിഷയം ആയുഷ് മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. നാഷണൽ എൻവയോൺമെന്റൽ എൻജിനീയറിങ് ആൻഡ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ചീഫ് സയന്റിസ്റ്റ് ഡോ. കെ. കൃഷ്ണമൂർത്തിയും ജി.വി.കെക്ക് പിന്തുണയുമായി വാർത്താസമ്മേളനത്തിൽ പങ്കെടുത്തു. ഗോമൂത്രം കാൻസർ തടയുമെന്ന് ഇരുവരും അവകാശപ്പെട്ടു.




## ലൈസൻസും സ്മാർട്ടാകുന്നു; ഏഴ് സുരക്ഷാ ഫീച്ചറുകളുമായി പുതിയ കാർഡുകൾ നാളെ മുതൽ പ്രാബല്യത്തിൽ

തിരുവനന്തപുരം: സംസ്ഥാനത്ത് ലാമിനേറ്റഡ് ഡ്രൈവിങ് ലൈസൻസിന് പകരം സ്മാർട്ട് ലൈസൻസ് വരുന്നു. ഏഴിലധികം സുരക്ഷാ ഫീച്ചറുകളോട് കൂടിയാണ് പുതിയ കാർഡുകൾ വരുന്നത്. പി.വി.സി പെറ്റ്ജി കാർഡിലുള്ള ലൈസൻസുകൾ നാളെ മുതലാണ് പ്രാബല്യത്തിൽ വരുന്നത്. സീരിയൽ നമ്പർ, യു.വി എംബ്ലംസ്, ഗില്ലോച്ചെ പാറ്റേൺ, മൈക്രോ ടെക്സ്റ്റ്, ഹോട്ട് സ്റ്റാമ്പ്ഡ് ഹോളോഗ്രാം, ഒപ്റ്റിക്കൽ വേരിയബിൾ ഇങ്ക്, ക്യൂആർ കോഡ് എന്നിങ്ങനെ ഏഴ് പ്രധാന സുരക്ഷാ ഫീച്ചറുകളാണ് ഡ്രൈവിങ് ലൈസൻസിനുള്ളത്. മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേയ്സിന്റെ മാനദണ്ഡ




പ്രകാരമാണ് ലൈസൻസ് കാർഡ് ഡിസൈൻ ചെയ്തിട്ടുള്ളത്. നാളെ മുഖ്യമന്ത്രി പിണറായി വിജയൻ സ്മാർട്ട് ലൈവിങ് ലൈസൻസ് കാർഡുകൾ ഉദ്ഘാടനം ചെയ്യും. അധികം താമസിയാതെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും സമാന രീതിയിലുള്ള കാർഡിലേക്ക് മാറുമെന്നും മോട്ടാർ വാഹന വകുപ്പ് അറിയിച്ചു.




വ്യവസായ വാണിജ്യ വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ
KSIDC

ബയോ 360
ലൈഫ് സയൻസ് പാർക്കിലെ
അഡ്മിൻ & ബയോടെക് ലാബ്
കെട്ടിട ഉദ്ഘാടനം
തോന്നയ്ക്കൽ, തിരുവനന്തപുരം

2023 ഏപ്രിൽ 19, 4 PM

ഉദ്ഘാടനം
പിണറായി വിജയൻ
മുഖ്യമന്ത്രി

അദ്ധ്യക്ഷൻ
പി. രാജീവ്
നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി



- വൈറൽ രോഗങ്ങൾ തിരിച്ചറിയാൻ കഴിയുന്ന വിപുലമായ മോളിക്യൂളാർ ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ.
- ബയോ സേഫ്റ്റി II കാറ്റഗറിയിലുള്ള എട്ട് ലാബുകൾ
- ക്ലിനിക്കൽ വൈറോളജി, വൈറൽ ഡയഗ്നോസ്റ്റിക്സ്, വൈറൽ വാക്സിനുകൾ, ആന്റിവൈറൽ ഡ്രഗ് റിസർച്ച്, വൈറസ് ആപ്ലിക്കേഷനുകൾ, വൈറസ് എപ്പിഡെമിയോളജി, വൈറസ് ജീനോമിക്സ്, ബേസിക് ആൻഡ് ജനറൽ വൈറോളജി മേഖലയിലെ പ്രവർത്തനങ്ങൾക്ക് ആകെ 22 ലാബുകൾ.


## സുഡാൻ കലാപം: കൊല്ലപ്പെട്ടവർ 270, 2600ലധികം പേർക്ക് പരുക്ക്


ഖർത്തൂം: സുഡാനിലെ ആഭ്യന്തര കലാപത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 270 ആയി. 2600 ലധികം പേർക്ക് പരുക്കേറ്റു. സൈന്യവും അർധസൈനിക വിഭാഗമായ റാപ്പിഡ് സപ്പോർട്ട് ഫോഴ്സും തമ്മിലുള്ള ഏറ്റുമുട്ടൽ രൂക്ഷമായത് ശനിയാഴ്ചയാണ്. 24 മണിക്കൂർ വെടിനിർത്തലിന് ധാരണയായെങ്കിലും പലയിടങ്ങളിലും ഇരുപക്ഷവും തമ്മിൽ ഏറ്റുമുട്ടൽ നടക്കുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അർധസൈനിക വിഭാഗത്തിന്റെ നിയന്ത്രണം കൈക്കലാക്കാനുള്ള സൈന്യത്തിന്റെ നീക്കമാണ് സംഘർഷങ്ങൾക്ക് കാരണം. ഖർത്തൂമിന്റെ വടക്ക്, തെക്കൻ ഭാഗങ്ങളിൽ ശക്തമായ ഏറ്റുമുട്ടൽ നടക്കുന്നു. വെള്ളവും വൈദ്യുതിയുമില്ലാതെ ജനം ദുരിതത്തിലാണെന്നും സാഹചര്യം വളരെ മോശമാണെന്നും റെഡ്ക്രോസ് അറിയിച്ചു.

## ഫയലുകളിൽ ഉദ്യോഗസ്ഥ അലംഭാവം; സെക്രട്ടേറിയറ്റിൽ 50 ശതമാനം ഫയൽ കെട്ടിക്കിടക്കുന്നു: മുഖ്യമന്ത്രി

തിരുവനന്തപുരം: തങ്ങളുടെ മുൻപിലെത്തുന്ന ഫയലുകളിൽ ഉദ്യോഗസ്ഥർ അലംഭാവം കാട്ടുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിലാണ് മുഖ്യമന്ത്രിയുടെ വിമർശനം. സർക്കാർ പദ്ധതികൾ വരെ ഈ കാരണംകൊണ്ട് അട്ടിമറിക്കപ്പെടുന്നുവെന്നും സെക്രട്ടേറിയറ്റിൽ പോലും 50 ശതമാനം ഫയൽ കെട്ടിക്കിടക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു. ഓരോ ഫയലും



ജീവിതമാണെന്നാണ് സർക്കാർ നയം. ഫയലുകളെ ജീവിപ്പിക്കാനും കൊല്ലാനും ഉദ്യോഗസ്ഥർക്ക് കഴിയും. അണ്ടർ സെക്രട്ടറിമാർ മുതൽ സ്പെഷ്യൽ സെക്രട്ടറിമാർ വരെയുള്ളവരുടെ യോഗമാണ് വിളിച്ചത്. ഏഴ് വർഷത്തെ അനുഭവത്തിലാണ് സംസാരിക്കുന്നതെന്നും മുഖ്യമന്ത്രി യോഗത്തിൽ പറഞ്ഞു. പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗങ്ങളിൽ നിലവിലുള്ള ഒഴിവിലേക്ക് പുതിയ അംഗമായി ഡോ. പ്രകാശൻ പി.പിയെ നിയമിക്കുന്നതിന് ഗവർണറോട് ശുപാർശചെയ്യാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. ഇലക്ട്രോണിക് മാധ്യമം മുഖേന സമൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് 1973ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ സെക്ഷൻ 62, 91 എന്നീ വകുപ്പുകളിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് ബില്ലിന് മന്ത്രിസഭായോഗം അംഗീകാരം നൽകി.



### തെരഞ്ഞെടുപ്പ് വിജ്ഞാപനം

S. IND (D) 237 ാം നമ്പർ സിറ്റി വ്യൂമൺസ് ഇൻഡ്രസ്ട്രിയൽ (വർക്ക്ഷോപ്പ്) ഇലക്ട്രോണിക്സ് സഹകരണ സംഘം ക്ലിപ്തത്തിന്റെ പുതിയ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്ന നടപടിയുടെ ഭാഗമായുള്ള തെരഞ്ഞെടുപ്പ് വിജ്ഞാപനം താഴെ ചേർക്കുന്നു.

1. തെരഞ്ഞെടുപ്പിലൂടെ നികത്തപ്പെടേണ്ട ഒഴിവുകളുടെ എണ്ണം : 7 (ഏഴ്)
2. സഹകരണ നിയമപ്രകാരം തെരഞ്ഞെടുക്കപ്പെടേണ്ട വിഭാഗങ്ങൾ :

| | എണ്ണം |
|---|---|
| ജനറൽ | 6 (ആറ്) |
| പട്ടികജാതി / പട്ടിക വർഗ്ഗ സംവരണം | 1 (ഒന്ന്) |
| ആകെ | 7 (ഏഴ്) |

3. തടസ്സവാദങ്ങൾ പരിശോധിക്കുന്നതിനുള്ള തീയതിയും സമയവും സ്ഥലവും : 25-04-2023 പകൽ 11 മണി മുതൽ 3 മണി വരെ സംഘം ഓഫീസിൽ വച്ച്
4. അന്തിമ വോട്ടർപട്ടിക പ്രസിദ്ധപ്പെടുത്തുന്ന സ്ഥലവും, തീയതിയും, സമയവും : 27-04-2023 ന് സംഘം ഓഫീസിൽ വച്ച്
5. നാമനിർദ്ദേശപത്രിക നേരിട്ട് സമർപ്പിക്കുന്നതിനുള്ള സ്ഥലവും, തീയതിയും, സമയവും : 04-05-2023 പകൽ 11 മണി മുതൽ 2 മണി വരെ സംഘം ഓഫീസിൽ വച്ച്
6. പത്രിക സൂക്ഷ്മപരിശോധനയ്ക്കുള്ള തീയതിയും, സമയവും : 05-05-2023 പകൽ 11 മണി മുതൽ സംഘം ഓഫീസിൽ വച്ച്
7. പത്രികകൾ പിൻവലിക്കുന്നതിനുള്ള സ്ഥലവും, തീയതിയും സമയവും : 06-05-2023 പകൽ 5 മണി വരെ സംഘം ഓഫീസിൽ വച്ച്
8. വോട്ടെടുപ്പ് വേണ്ടി വരുന്ന പക്ഷം വോട്ടെടുപ്പ് നടത്തുന്ന സ്ഥലവും തീയതിയും, സമയവും : 2023 മെയ് മാസം 22 ാം തിയ്യതി തിങ്കളാഴ്ച പകൽ 11 മണി മുതൽ 1 മണി വരെ സംഘം ആഫീസിൽ വെച്ച്

ഇലക്ഷൻ ഓഫീസർ (ഒപ്പ്)

### പൊതുയോഗ നോട്ടീസ്

സിറ്റി വുമൺസ് ഇൻഡസ്ട്രിയൽ (WS) & ഇലക്ട്രോണിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ S. IND (D) 237, ന്റെ പൊതുയോഗം 22-05-2023 തിങ്കളാഴ്ച പകൽ 2 മണി മുതൽ 3 മണി വരെ സംഘം ഓഫീസിൽ വെച്ച് നടത്തുന്നതാണ്.

എന്ന്, സെക്രട്ടറി (ഒപ്പ്)

## പെരുമ്പാവൂരിൽ കയർ ഫാക്ടറിയിൽ തീപിടിത്തം; കോടികളുടെ ഉൽപ്പന്നങ്ങൾ കത്തിനശിച്ചു

കൊച്ചി: പെരുമ്പാവൂരിൽ കയർ ഫാക്ടറിക്ക് തീപിടിച്ചു. നിരവധി കയറുൽപന്നങ്ങളാണ് സംഭവത്തിൽ കത്തിനശിച്ചത്. കോടികളുടെ നഷ്ടമാണ് ഉണ്ടായതെന്ന് കണക്കാക്കുന്നു. അഗ്നിശമനസേന മണിക്കൂറുകളെടുത്താണ് തീ അണച്ചത്.

## സ്വവർഗ വിവാഹം നിയമവിധേയമാക്കൽ; സംസ്ഥാനങ്ങളുടെ നിലപാട് നിർണായകമെന്ന് കേന്ദ്രം

ന്യൂഡൽഹി: സ്വവർഗ വിവാഹം നിയമവിധേയമാക്കുന്നതിൽ സംസ്ഥാനങ്ങളുടെ നിലപാട് നിർണായകമെന്ന് കേന്ദ്രം. വിഷയത്തിൽ പത്തുദിവസത്തിനകം നിലപാട് അറിയിക്കാൻ കേന്ദ്രം സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി. സ്വവർഗ വിവാഹവുമായി ബന്ധപ്പെട്ട ഹർജികൾക്കെതിരേ കക്ഷി ചേരാൻ ഗുജറാത്ത് സർക്കാർ സുപ്രീംകോടതിയിൽ അപേക്ഷ നൽകിയിരുന്നു. എന്നാൽ വിവാഹം കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ട വിഷയമായതിനാൽ കേന്ദ്രം സമർപ്പിച്ച പുതിയ സത്യവാങ്മൂലത്തിൽ എല്ലാ സംസ്ഥാനങ്ങളേയും കക്ഷികളാക്കണമെന്ന് നിർദേശിച്ചിരിക്കുകയാണ്. നിയമനിർമാണ സഭകളുടെ അവകാശത്തെ ബാധിക്കുന്ന വിഷയമായതിനാൽ സംസ്ഥാന സർക്കരുകളുടെ കാഴ്ചപ്പാടുകൾ കൂടി കണക്കിലെടുക്കണമെന്ന് കേന്ദ്രം ഭരണഘടനാ ബെഞ്ചിനോട് ആവശ്യപ്പെട്ടു.

# ചുരം എൻ.ആർ.ഡി.എഫിന്റെ ഉദ്ഘാടനം ലിന്റോ ജോസഫ് എം.എൽ.എ നിർവഹിച്ചു

താമരശ്ശേരി: ചുരത്തിലെ സന്നദ്ധ സേവന പ്രവർത്തനങ്ങൾക്കായി നാച്യുറൽ റിസോഴ്സസ് ഡിസാസ്റ്റർ ഫോറം (എൻ.ആർ.ഡി.എഫ്) എന്ന സംഘടനയുടെ ഔദ്യോഗിക ഉദ്ഘാടനം ലിന്റോ ജോസഫ് എം.എൽ.എ നിർവഹിച്ചു. ദേശീയ ദുരന്ത നിവാരണ സേന (എൻ.ഡി.ആർ.എഫ്) യുടെ പരിശീലനവും സർട്ടിഫിക്കറ്റും ലഭിച്ചവരും താമരശ്ശേരി ചുരത്തിലെ പരിസരവാസികളുമായവർ കഴിഞ്ഞ ഏഴു വർഷത്തോളമായി സന്നദ്ധ പ്രവർത്തന രംഗത്തുണ്ട്. ചുരം സംരക്ഷണ സമിതി എന്ന പേരിൽ പ്രവർത്തനമാരംഭിക്കുകയും മാലിന്യ ശേഖരണത്തിലും അപകടഘട്ടങ്ങളിലും സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്നതിലൂടെയാണ് പൊതുജന ശ്രദ്ധേയമായത്. സമീപ പ്രദേശങ്ങളിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും സജീവമാവുന്നതിനായി തൽപരരായ യുവാക്കളെ ചേർത്ത് കൊണ്ട് പ്രവർത്തന മേഖല വിപുലീകരിക്കുകയാണ്. ചുരം രണ്ടാം വളവിൽ വച്ച് നടന്ന പരിപാടിയിൽ എൻ.ആർ.ഡി.എഫ് പ്രസിഡന്റ് മുഹമ്മദ് എരഞ്ഞോണ അധ്യക്ഷത വഹിച്ചു. വി.കെ ഹുസൈൻ കുട്ടി(മുസ്ലിം ലീഗ് ജില്ലാ സെക്രട്ടറി), എം.ഇ ജലീൽ (സി.പി.എം ഈങ്ങാപ്പുഴ ലോക്കൽ കമ്മിറ്റി സെക്രട്ടറി), സലീം മറ്റത്തിൽ (കോൺഗ്രസ് മണ്ഡലം ജനറൽ സെക്രട്ടറി), പി.കെ ഷൈജൽ (സി.പി.എം പുതുപ്പാടി ലോക്കൽ സെക്രട്ടറി), ഉസ്മാൻ ചാത്തൻചിറ (മനുഷ്യാവകാശ സംരക്ഷണ കേന്ദ്രം), ശശി മാളികവീട്(ബി.ജെ.പി പുതുപ്പാടി പഞ്ചായത്ത് പ്രസിഡന്റ്), ജാഫർ ആലുങ്കൽ (പ്രസിഡന്റ്, എസ്.ടി.യു അടിവാരം യൂണിറ്റ്), ഷിഹാബ് പാലക്കൽ (ആംബുലൻസ് റോഡ് ആന്റ് സേഫ്റ്റി വിംഗ് ), നവാസ് കണലാട് തുടങ്ങിയവർ സംസാരിച്ചു. ജന. സെക്രട്ടറി ഷൗക്കത്ത് എലിക്കാട് സ്വാഗതവും വൈസ് പ്രസിഡന്റ് രാമൻ സി.പി.സി നന്ദിയും പറഞ്ഞു. തുടർന്ന് നടത്തിയ ഇഫ്താർ വിരുന്നിൽ പോലിസ്, ഫോറസ്റ്റ് ഉദ്യോഗസ്ഥരും വിവിധ സംഘടനാ പ്രതിനിധികളും പങ്കെടുത്തു.



താമരശ്ശേരി ചുരത്തിലെ സന്നദ്ധ സേവന പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച നാച്യുറൽ റിസോഴ്സസ് ഡിസാസ്റ്റർ ഫോറം (എൻ.ആർ.ഡി.എഫ്) സംഘടനയുടെ ഔദ്യോഗിക ഉദ്ഘാടനം ലിന്റോ ജോസഫ് എം.എൽ.എ നിർവഹിച്ചപ്പോൾ


17ാമത് പൗരോഹിത്യ വാർഷികാഘോഷത്തിൽ നിന്ന്

# പൗരോഹിത്യ വാർഷികം ആഘോഷിച്ചു

കോഴിക്കോട്: സിറ്റി സെയ്ന്റ് ജോസഫ്സ് ദേവാലയ വികാരി ഫാ.റെനി ഫ്രാൻസിസ് റോഡ്രിഗസ് ദിവ്യബലി അർപ്പിച്ച് 17ാമത് പൗരോഹിത്യ വാർഷികം ആഘോഷിച്ചു. സഹവികാരി ഫാ.ജീവൻ വർഗീസ് തൈപ്പറമ്പിൽ, ഫാ.ടോം അറയ്ക്കൽ എന്നിവർ സഹ കാർമികത്വം വഹിച്ചു.

വരാപ്പുഴ ആർച്ച് ബിഷപ്പ് ഡോ.ജോസഫ് കളത്തിപ്പറമ്പിൽ 2006ലാണ് കോഴിക്കോട് രൂപത വികാരി ജനറൽ മോൺസിഞ്ഞോർ ഡോ.ജൻസൻ പുത്തൻവീട്ടിൽ, ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്റർ ഫാ.പോൾപേഴ്സി ഡിസിൽവ, വയനാട് പാക്കം സെയ്ന്റ് ആന്റണീസ് ചർച്ച് വികാരി ഫാ.ജെയ്സൺ കളത്തിപ്പറമ്പിൽ, ഫാ.റെനി ഫ്രാൻസിസ് റോഡ്രിഗസ് എന്നിവർക്ക് മദർ ഓഫ് ഗോഡ് കത്തീഡ്രലിൽ കൈവയ്പ് ശുശ്രൂഷയിലൂടെ ശുശ്രൂഷാ പൗരോഹിത്യം നൽകിയത്. പാരിഷ് കൗൺസിൽ സെക്രട്ടറി ജോളി ജെറോം, ജോയിന്റ് സെക്രട്ടറി ബ്രിജേഷ് പ്രവീൺ, സിസ്റ്റർ റോസ് ദേവസ്യ, ഫാ.ജീവൻ വർഗീസ് തൈപ്പറമ്പിൽ എന്നിവർ സംസാരിച്ചു. ജോളി ജെറോം, സിസ്റ്റർ റീന മാക്കാപ്പറമ്പിൽ, ഫാ.ജീവൻ വർഗീസ് തൈപ്പറമ്പിൽ, റീത്ത ഡൊണാൾഡ് എന്നിവർ ഉപഹാരം നൽകി.

# നാദാപുരത്ത് ഇതര സംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുന്ന ക്വാർട്ടേഴ്സ് വൃത്തിഹീനം: പിഴ ചുമത്തി

നാദാപുരം: ഇതര സംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുന്ന പുതിയോട്ടിൽ ക്വാർട്ടേഴ്സിൽ കക്കൂസ് ടാങ്ക് വൃത്തിഹീനമായി കാണുകയും മലിനജലം പുറത്തേക്ക് ഒഴുക്കുകയും ക്വാർട്ടേഴ്സിന്റെ പിറകുവശത്ത് ഭക്ഷണ അവശിഷ്ടങ്ങൾ , പ്ലാസ്റ്റിക് കവറുകൾ എന്നിവ കെട്ടിവച്ച നിലയിൽ കാണുകയും പ്ലാസ്റ്റിക് മാലിന്യങ്ങൾ അലക്ഷ്യമായി കൂട്ടിയിടുകയും ചെയ്തതിനെ തുടർന്ന് ക്വാർട്ടേഴ്സ് പ്രവർത്തനം നിർത്തിവയ്ക്കണമെന്ന് ആരോഗ്യവകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി.ഷാഹുൽഹമീദ്, താലൂക്ക് ആശുപത്രി ഹെൽത്ത് ഇൻസ്പെക്ടർ സുരേന്ദ്രൻ കല്ലേരി, ഗ്രാമപഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർ കെ.സതീഷ് ബാബു എന്നിവർ ക്വാർട്ടേഴ്സ് പരിശോധിച്ച് നിജസ്ഥിതി ബോധ്യപ്പെടുകയും , താമസക്കാരെ 15 ദിവസം സമയം നൽകി ഒഴിപ്പിക്കാനും പുതിയതായി ആരേയും തന്നെ താമസിപ്പിക്കരുതെന്ന് ഉടമയായ അയിശു പുതിയോട്ടിലിന് നിർദേശം നൽകുകയും ചെയ്തു.

മാലിന്യങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്തതിന് 5000 രൂപ പിഴ ഈടാക്കി. ക്വാർട്ടേഴ്സിലെ സെപ്റ്റിക് ടാങ്ക്, മലിന ജല ടാങ്ക് എന്നിവ 15 ദിവസത്തിനകം വൃത്തിയാക്കി പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യണമെന്ന് ഉടമയോട് നിർദേശിച്ചു.


നാദാപുരത്ത് ഇതര സംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുന്ന ക്വാർട്ടേഴ്സ് പരിസരം വൃത്തിഹീനമായ നിലയിൽ

# നഗരസഭാ ഉദ്യോഗസ്ഥർ കൂട്ട അവധിയെടുത്ത് സമ്മേളനത്തിന് പോയതായി പരാതി

തലശ്ശേരി: നഗരസഭാ ഉദ്യോഗസ്ഥർ കൂട്ട അവധിയെടുത്ത് സമ്മേളനത്തിന് പോയതായി പരാതി. കേരള മുൻസിപ്പൽ ആന്റ് കോർപറേഷൻ സ്റ്റാഫ് യൂണിയൻ തലശ്ശേരി യൂണിറ്റ് സമ്മേളനത്തിന്റെ ഭാഗമായാണ് മിക്ക ഉദ്യോഗസ്ഥരും കൂട്ട അവധിയെടുത്ത് സമ്മേളനത്തിന് പോയത്. ഇതൊന്നും അറിയാതെ പല ആവശ്യങ്ങൾക്കും നഗരസഭാ ഓഫിസിൽ എത്തിയ ആളുകൾ ഒഴിഞ്ഞ കസേരകൾ മാത്രം കണ്ട് കാര്യങ്ങൾ തിരക്കിയപ്പോഴാണ് ഉച്ചതിരിഞ്ഞ് കുട്ട അവധിയെടുത്ത് സമ്മേളനത്തിന് ഉദ്യോഗസ്ഥർ പോയതായി അറിഞ്ഞത്. പകരം സംവിധാനം ഏർപ്പെടുത്തിയിരുന്നില്ല. നഗരസഭാ കാര്യാലയത്തിന് സമീപത്തെ പെപ്പർ പാലസ് ഹാളിലായിരുന്നു സമ്മേളനം. ഉദ്യോഗസ്ഥർ കൂട്ട അവധിയെടുത്ത് സമ്മേളനത്തിന് പോയതിനകുറിച്ച് പരിശോധിക്കുമെന്ന് സെക്രട്ടറി ബിജുമോൻ ജേക്കബ്ബ് പറഞ്ഞു. പകരം സംവിധാനം ഏർപ്പെടുത്തിയിരുന്നതായി സെക്രട്ടറി പറഞ്ഞു. കൂട്ട അവധിയെടുത്ത് ഉദ്യോഗസ്ഥർ സമ്മേളനത്തിന് പോയത് ശരിയായില്ലെന്ന് ബി.ജെ.പി സംസ്ഥാന കൗൺസിൽ അംഗം എം.പി സുമേഷ് പറഞ്ഞു. സാധാരണക്കാരെ ബുദ്ധിമുട്ടിക്കുകയാണ് ഇവർ ചെയ്തത്. പകരം സംവിധാനം ഏർപ്പെടുത്തിയില്ല. കുറേ ദിവസം അവധിയായിരുന്നു, അതിന് പുറമെയാണ് ഇന്നത്തെ കൂട്ടയവധി. ഇത് സംബന്ധിച്ച് കലക്ടർക്കും മറ്റും പരാതി നൽകുമെന്ന് സുമേഷ് പറഞ്ഞു.




'സെക്ഷൻ 306 ഐപിസി' സിനിമയുമായി ബന്ധപ്പെട്ട് വിളിച്ചുചേർത്ത വാർത്താസമ്മേളനത്തിൽ സംസാരിക്കുന്ന അണിയറ പ്രവർത്തകർ

# 'സെക്ഷൻ 306 ഐപിസി' സിനിമ പ്രേക്ഷകർ ഏറ്റെടുത്തതിൽ നന്ദി പറഞ്ഞ് അണിയറ പ്രവർത്തകർ

കോഴിക്കോട്: ശ്രീവർമ പ്രൊഡക്ഷൻസിന്റെ ബാനറിൽ ശ്രീജിത്ത് വർമ നിർമിച്ച് ശ്രീനാഥ് ശിവ സംവിധാനം നിർവഹിച്ച കുടുംബചിത്രമായ 'സെക്ഷൻ 306 ഐപിസി' പ്രേക്ഷകർ ഏറ്റെടുത്തതായി നിർമാതാവും നടിയുമായ ജയശ്രീയും നിർമാതാവും നടനുമായ ശ്രീജിത്ത് വർമയും സംവിധായകൻ ശ്രീജിത്ത് ശിവയും വാർത്താസമ്മേളനത്തിൽ പറഞ്ഞു. ആചാരനുഷ്ഠാനങ്ങളുടെ പേരിൽ സ്വന്തം ജീവൻ പോലും കുരുതി കൊടുക്കേണ്ടി വന്ന അശ്വതി എന്ന എഴുത്തുകാരിയുടെ ജീവിതവും അതുമായി ബന്ധപ്പെട്ട നിയമപോരാട്ടവും പെരുവണ്ണാൻ സമുദായത്തിന്റെ പച്ചയായ ജീവിതവുമാണ് സിനിമയിൽ പങ്കുവയ്ക്കുന്നതെന്നും മറ്റ് രാഷ്ട്രീയവിവാദങ്ങൾക്ക് അടിസ്ഥാനമില്ലെന്നും ഒരു മതത്തേയും ഒരു ജാതിയേയും ഒരു രാഷ്ട്രീയത്തേയും താഴ്ത്തി കാണിക്കുന്നില്ലെന്നും ഒരു ആചാരാനുഷ്ഠാനങ്ങൾക്കും എതിരല്ലായെന്നും എന്നാൽ ഇന്ന് നിലനിൽക്കുന്ന അനാചാരങ്ങൾക്കെതിരേ ഉയർന്ന ചോദ്യമാണ് സെക്ഷൻ 306 ഐപിസി എന്ന സിനിമയിലൂടെ ചിത്രീകരിച്ചതെന്നും അവർ പറഞ്ഞു.

പല വിഭാഗങ്ങളിൽ നിന്നും ഉയർന്നുവന്ന വിവാദങ്ങൾക്കും വിമർശനങ്ങൾക്കുമുള്ള മറുപടിയായിരുന്നു മാർച്ച് രണ്ടിന് നിയമസഭയിൽ മന്ത്രിമാർക്കും നിയമസഭാ സാമാജികർക്കുമായി ചിത്രത്തിന്റെ പ്രദർശനം നടത്തിയത്. തുടർന്ന് ഏപ്രിൽ എട്ടിന് 76ഓളം കേന്ദ്രങ്ങളിൽ ചിത്രം റിലീസ് ചെയ്തു. സിനിമ ഇപ്പോൾ നല്ല രീതിയിൽ പ്രദർശനം നടത്തിവരികയാണ്. കോഴിക്കോട് റീഗൽ തിയേറ്ററിൽ ഉൾപ്പെടെ കേരളത്തിലെ പ്രമുഖ കേന്ദ്രങ്ങളിൽ രണ്ടാം വാരത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. ചിത്രത്തിൽ രഞ്ജി പണിക്കർ, ശാന്തികൃഷ്ണ, ശ്രീജിത്ത് വർമ്മ, രാഹുൽ മാധവ്, മറീന മൈക്കിൾ, സാവിത്രി ശശിധരൻ എന്നിവർ മുഖ്യകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. കൈതപ്രം വിശ്വനാഥൻ സംഗീതം നിർവഹിച്ച അവസാന ചിത്രം കൂടിയാണ്. കൈതപ്രം ദാമോദരൻ നമ്പൂതിരി, ബി.കെ ഹരിനാരായണൻ എന്നിവർ രചന നിർവഹിച്ച് കെ.എസ് ചിത്ര, പി.ജയചന്ദ്രൻ, വിദ്യാധരൻ മാസ്റ്റർ, ഇന്ദുലേഖ വാരിയർ എന്നിവർ ആലപിച്ച് വിദ്യാധരൻ മാസ്റ്റർ തന്നെ ഈണം നൽകിയ മൂന്ന് ഗാനങ്ങൾ ഇതിനോടകം ഹിറ്റ്ചാർട്ടിൽ ഇടം നേടിയതായി അവർ കൂട്ടിച്ചേർത്തു.

# 'ഫിറ' കുവൈറ്റ് ഇഫ്താർ മീറ്റ് സംഘടിപ്പിച്ചു

കുവൈറ്റ് സിറ്റി: കുവൈറ്റിലെ രജിസ്ട്രേഡ് സംഘടനകളുടെ കൂട്ടായ്മയായ ഫെഡറേഷൻ ഓഫ് ഇന്ത്യൻ രജിസ്ട്രേഡ് അസോസിയേഷൻസ് കുവൈറ്റ് ഇഫ്താർ സംഗമം സംഘടിപ്പിച്ചു. അബ്ബാസിയ പോപ്പിൻസ് ഹാളിൽ വച്ച് നടന്ന ഇഫ്താർ സംഗമത്തിൽ അമൽ ലത്തീഫിന്റെ പ്രാർഥനാ ഗാനം ആലപിച്ചു. സലിംരാജ് (ആക്ടിങ് കൺവീനർ , ഫിറ) അദ്ധ്യക്ഷത വഹിച്ച യോഗം അബ്ദുൾ അസീസ് മാട്ടുവേലിൽ (ഡെപ്യൂട്ടി ജനറൽ മാനേജർ ജോയ് ആലുക്കാസ് എക്സ്ചേഞ്ച്) ഉദ്ഘാടനം ചെയ്തു. ഫിറ കുവൈറ്റ് പ്രവാസി സമൂഹത്തിലും സംഘടനാ പ്രവർത്തന രംഗത്തും നടത്തിയ പ്രവർത്തനങ്ങളും ഇടപെടലുകളും വിശദീകരിക്കുകയും നേതൃത്വം നൽകിയ ബാബു ഫ്രാൻസിസിനെ അഭിനന്ദിക്കുകയും ചെയ്തു. പ്രഗത്ഭ വാഗ്മിയും സാമൂഹ്യ പ്രവർത്തകനുമായ അൻവർ സയ്യിദ് മുഖ്യപ്രഭാഷണം നടത്തി. ഇത്തരം കൂടി ചേരലുകളുടെ പ്രസക്തി വർത്തമാന കാലത്ത് വർധിച്ചിരിക്കുന്നതായും മതങ്ങൾ തമ്മിൽ പരസ്പരം അറിയുന്നത് അകൽച്ച കുറയുവാൻ കാരണമാകുമെന്നും അദ്ദേഹം പറഞ്ഞു. ഫിറയുടെ പ്രവർത്തനങ്ങൾ ഷൈജിത് കെ(പ്രോഗ്രം കൺവീനർ ) സദസിന് പരിചയപ്പെടുത്തി. വർഗീസ് പോൾ (കുവൈറ്റ് മലയാളി സമാജം ), ബേബി ഔസേഫ് (കേരള അസോസിയേഷൻ), ജീവ്സ് എരിഞ്ചേരി (ഓ.എൻ.സി.പി), കുമാർ (പൽപക്) , മാത്യു ചെന്നിത്തല (അജ്പാക്,) എബി അത്തിക്കയം (പി.ഡി.എ), ബ്ലസൻ (വാക്ക് ), ബിനിൽ സക്കറിയ (കേര), സുമേഷ് (ടെക്സാസ് ), നജീബ് പി.വി (കെ.ഡി.എ), ജിജി മാത്യൂ (ഫോക്കസ് ) ,അലക്സ് മാത്യു (കെ.ജെ.പി.എസ്) , ജസ്റ്റിൻ (കോട്പാക്ക്), അബ്ദുൾ കരീം( കെ.ഇ.എ), ബാലകൃഷ്ണൻ ( ഫോക്ക്), ബഷീർ ബാത്ത (കെ.ഡി എൻ ഏ), നിസാം (ട്രാക്ക്) ബിജോ പി ബേബി( അടൂർ എൻ ആർ ഐ) വി ജോ പി.തോമസ്( കെ.കെ.സി.ഒ), മാത്യു ജോൺ ( മലയാളി മാക്കോ), മുബാറക് കാമ്പ്രത്ത്, ഷെറിൻ മാത്യു, രാജൻ തോട്ടത്തിൽ, മധു മാഹി എന്നിവർ ആശംസകൾ നേർന്നു. സജിമോൻ, സൈലേഷ്, റോയി ആൻഡ്രൂസ് ,ജിഞ്ചു ചാക്കോ, സണ്ണി മിറാൻഡ എന്നിവർ നേതൃത്വം നൽകി. ഫിറ കുവൈറ്റ് പ്രതിനിധികൾ കുവൈറ്റിലെ ജില്ലാ അസോസിയേഷൻ പ്രതിനിധികൾ, സാമുദായിക, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, മാധ്യമ, ബിസിനസ് മേഖലകളിലും ആതുര ശുശ്രുഷ രംഗത്ത് പ്രവർത്തിക്കുന്നവരും സൗഹൃദ ഇഫ്ത്താർ സംഗമത്തിൽ സന്നിഹിതരായിരുന്നു. ചാൾസ് പി.ജോർജ് (ജനറൽ സെക്രട്ടറി, ഫിറ ) സ്വാഗതം പറഞ്ഞു. പരിപാടിയുടെ പ്രായോജകരായ മലബാർ ഗോൾഡ് ആന്റ് ഡയമണ്ട് ഗ്രൂപ്പിനും ആലുക്കാസ് എക്സ്ചേഞ്ചിനും മെട്രോ മെഡിക്കൽ ഗ്രൂപ്പിനും അൽ വഹീദ ഗ്രൂപ്പിനും ഇഫ്താറിൽ പങ്കെടുത്തവർക്കും വാസു മമ്പാട് നന്ദി പറഞ്ഞു.



കുവൈറ്റിലെ രജിസ്ട്രേഡ് സംഘടനകളുടെ കൂട്ടായ്മയായ ഫെഡറേഷൻ ഓഫ് ഇന്ത്യൻ രജിസ്ട്രേഡ് അസോസിയേഷൻസ് സംഘടിപ്പിച്ച കുവൈറ്റ് ഇഫ്താർ സംഗമത്തിൽ നിന്ന്

# മക്ക കൊമേഴ്സ്യൽ സെന്റർ നടത്തിപ്പ് ലുലു ഗ്രൂപ്പിന്

ജിദ്ദ: മക്കയിലെ കൊമേഴ്സ്യൽ സെന്റർ നടത്തിപ്പ് ചുമതല ലുലു ഗ്രൂപ്പിന് ലഭിച്ചു. സൗദിയിലെ പ്രമുഖസ്ഥാപനമായ ഫെയ്റൂസ് ഡെവലപ്മെന്റ് ഇൻവെസ്റ്റ്മെന്റ് കമ്പനിയുമായി സഹകരിച്ചാണ് പദ്ധതി ലുലു നടപ്പാക്കുക. 25 കോടി റിയാൽ(ഏതാണ്ട് 540 കോടി രൂപ) നിക്ഷേപമുള്ള പദ്ധതിയുടെ മുഖ്യ ആകർഷണം രണ്ട് ലക്ഷം ചതുരശ്ര അടിയുള്ള ലുലു ഹൈപ്പർ മാർക്കറ്റ് ആണ്. വിശുദ്ധ മക്ക സന്ദർശിക്കുന്ന ലോകമെമ്പാടുമുള്ള ലക്ഷക്കണക്കിന് തീർഥാടകർക്ക് അനുയോജ്യമായരീതിയിലായിരിക്കും വാണിജ്യകേന്ദ്രത്തിന്റെ പ്രവർത്തനം. പദ്ധതി മൂന്നുമാസത്തിനുള്ളിൽ പ്രവർത്തനം ആരംഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.




പദ്ധതി കൈമാറ്റ ചടങ്ങിൽ ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി, അൽ ഫെയ്റൂസ് ഡെവലപമെന്റ് ആൻഡ് ഇൻവെസ്റ്റ്മെന്റ് ചെയർമാൻ ഷെയ്ഖ് ഇബ്രാഹിം ബിൻ അബ്ദുല്ല ബിൻ സൽമാൻ അൽ റിഫായി എന്നിവർ പങ്കെടുത്തു. സൗദിയിലെ ലുലു ഹൈപ്പർമാർക്കറ്റ് ഡയറക്ടർ ഷെഹിം മുഹമ്മദ്, റീജനൽ ഡയറക്ടർ റഫീഖ് മുഹമ്മദ് അലി എന്നിവരും സന്നിഹിതരായിരുന്നു.

# മുംബൈക്ക് തുടർച്ചയായ മൂന്നാംജയം

## സൺറൈസേഴ്സ് ഹൈദരാബാദിനെ 14 റൺസിന് പരാജയപ്പെടുത്തി

ഹൈദരാബാദ്: സൺറൈസേഴ്സ് വീണ്ടും തോറ്റു. ഇത്തവണ മുംബൈയോടാണ് സ്വന്തം കാണികൾക്ക് മുമ്പിൽ അടിയറവ് പറഞ്ഞത്. 14 റൺസിനായിരുന്നു പരാജയം. മുംബൈ ഉയർത്തിയ 192 റൺസ് പിന്തുടർന്ന എസ്.ആർ.എച്ചിന്റെ പോരാട്ടം 19.5 ഓവറിൽ 178 റൺസിന് അവസാനിച്ചു. കഴിഞ്ഞ മത്സരത്തിൽ കൊൽക്കത്തയോട് ജയിച്ച ആത്മവിശ്വാസത്തിൽ കളിക്കാനിറങ്ങിയ ഹൈദരാബാദിന് വിനയായത് ബാറ്റ്സ്മാൻമാരുടെ സ്ഥിരതയില്ലാത്ത പ്രകടനമാണ്. ടോസ് നേടിയ ഹൈദരാബൈദ് മുംബൈയെ ബാറ്റിങ്ങിനയക്കുകയായിരുന്നു. രോഹിത് ശർമയും ഇഷാൻ കിഷനും മികച്ച തുടക്കമാണ് മുംബൈക്ക് നൽകിയത്. ഇരുവരും ആദ്യവിക്കറ്റിൽ 41 റൺസ് കൂട്ടിച്ചേർത്തു. 18 പന്തിൽ 28 റൺസെടുത്ത രോഹിത്ശർമയെ നടരാജനും 31 പന്തിൽ 38 റൺസെടുത്ത ഇഷാനെ മാർക്കോ ജൻസനും പുറത്താക്കി. ഏഴ് റൺസുമായി സൂര്യകുമാർ യാദവ് പെട്ടെന്ന് മടങ്ങിയെങ്കിലും കാമറൂൺ ഗ്രീൻ ക്രീസിൽ ഉറച്ചുനിന്നു. 40 പന്തിൽ 64* റൺസെടുത്ത ഗ്രീനിന് 37 റൺസെടുത്ത തിലക് വർമയും 16 റൺസെടുത്ത ടിം ഡേവിഡും മികച്ച പിന്തുണ നൽകി. അഞ്ച് വിക്കറ്റ് നഷ്ടത്തിലാണ് 20 ഓവറിൽ 192 റൺസ് മുംബൈ നേടിയത്. മറുപടി ബാറ്റിങ്ങിൽ 41 പന്തിൽ 48 റൺസെടുത്ത മായങ്ക് അഗർവാളിനും 16 പന്തിൽ 36 റൺസെടുത്ത് ഹെന്രിച്ച് ക്ലാസനുമൊഴികെ മറ്റാർക്കും കാര്യമായി തിളങ്ങാനായില്ല, കൃത്യമായ ഇടവേളകളിൽ വിക്കറ്റ് വീണതും ഹൈദരാബാദിന് തിരിച്ചടിയായി. കഴിഞ്ഞ മത്സരത്തിലെ ഹീറോ ഹാരി ബ്രൂക്കിന് വെറും ഒമ്പത് റൺസ് മാത്രമേ എടുക്കാനായുള്ളൂ. അർജുൻ ടെണ്ടുൾക്കർ എറിഞ്ഞ അവസാന ഓവറിൽ 20 റൺസായിരുന്നു സൺറൈസേസിന് ജയിക്കാൻ വേണ്ടിയിരുന്നത്. എന്നാൽ ആ ഓവറിൽ അവർക്ക് അഞ്ച് റൺസ് മാത്രമേ എടുക്കാൻ കഴിഞ്ഞുള്ളൂ. ആ ഓവറിലെ രണ്ടാം പന്തിൽ അബ്ദുൾ സമദിനെ ഹൃത്വിക്ക് ഷോക്കീൻ റണ്ണൗട്ടിലൂടെ പുറത്താക്കുകയും അഞ്ചാം പന്തിൽ ഭുവനേശ്വർ കുമാർ രോഹിത്തിന് ക്യാച്ച് നൽകി മടങ്ങുകയും ചെയ്തതോടെ ഹൈദരാബാദിന്റെ പ്രതീക്ഷകൾ അസ്തമിച്ചു. മുംബൈക്ക് വേണ്ടി ജേസൻ ബെഹ്റെൻഡ്രോഫ്, പീയൂഷ് ചൗള, റിലെ മെറേഡിയത്ത് എന്നിവർ രണ്ട് വിക്കറ്റുകൾ വീതവും അർജുൻ ടെണ്ടുൾക്കർ, കാമറൂൺ ഗ്രീൻ എന്നിവർ ഓരോ വിക്കറ്റ് വീതവും വീഴ്ത്തി. കാമറൂൺ ഗ്രീനാണ് കളിയിലെ താരം. ജയത്തോടെ മുംബൈ ഇന്ത്യൻസ് പേ ഓയിന്റ് പട്ടികയിൽ ആറാമതെത്തി. ഹൈദരാബാദ് ഒമ്പതാം സ്ഥാനത്താണ്.





ഹൈദാബാദിനെതിരേ വിക്കറ്റ് നേട്ടം ആഘോഷിക്കുന്ന ജേസൻ ബെഹ്റെൻഡ്രോഫും മുംബൈ ടീമംഗങ്ങളും 2. അർധ സെഞ്ചുറി നേടിയ കാമറൂൺ ഗ്രീനിന്റെ ആഹ്ലാദം

## ജോണി നെല്ലൂർ കേരള കോൺഗ്രസ് വിട്ടു, യു.ഡി.എഫ് ഉന്നതാധികാര സമിതി അംഗത്വവും രാജിവച്ചു; രാജി വ്യക്തിപരമായ കാരണങ്ങളാൽ

എറണാകുളം: ജോണി നെല്ലൂർ കേരള കോൺഗ്രസ് പാർട്ടി വിട്ടു. യു.ഡി.എഫ് ഉന്നതാധികാര സമിതി അംഗത്വവും ജോണി നെല്ലൂർ രാജിവച്ചു. വ്യക്തിപരമായ കാരണങ്ങളാലാണ് രാജിയെന്നാണ് വിശദീകരണം. 2016 മുതൽ യു.ഡി.എഫ് സംസ്ഥാന സെക്രട്ടറിയായി പ്രവർത്തിക്കുന്നു. ആ പദവിയുംരാജിവെക്കുകയാണെന്നും ജോണി നെല്ലൂർ വ്യക്തമാക്കി. 30 വർഷമായി യു.ഡി.എഫിൽ പ്രവർത്തിക്കുന്നു. ഉമ്മൻചാണ്ടിയും രമേശ് ചെന്നിത്തലയും ഉണ്ടായിരുന്ന കാലത്തെ സമീപനമല്ല ഇപ്പോഴുള്ളതെന്നും അദ്ദേഹം പറഞ്ഞു. ഘടകകക്ഷികൾക്ക് യു.ഡി.എഫിൽ നിന്ന് അർഹിക്കുന്ന അംഗീകാരം ലഭിക്കുന്നില്ല. നിലവിലുള്ള ഒരു പാർട്ടിയിലും ചേരില്ലെന്നും ജോണി നെല്ലൂർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ക്രൈസ്തവരെ സംഘടിപ്പിച്ചുള്ള ഒരു സെക്യുലർ ദേശീയ പാർട്ടി രൂപീകരിക്കാൻ ആലോചന നടക്കുന്നു. ഭാവി പ്രവർത്തനങ്ങൾ പിന്നീട് അറിയിക്കും. എല്ലാ മതവിഭാഗങ്ങളും പാർട്ടിയിലുണ്ടാകും. ദേശീയ തലത്തിലായിരിക്കും പ്രവർത്തനം. പ്രഖ്യാപന സമയത്ത് പാർട്ടി സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയിക്കും. പുതിയ പാർട്ടിക്ക് ബി.ജെ.പി അടക്കം ആരുമായും അയിത്തമില്ല. എല്ലാ മതമേലദ്ധ്യക്ഷന്മാരെയും ആദരിക്കും. കൂടുതൽ കാര്യങ്ങൾ വരുംദിവസങ്ങളിൽ പുറത്തുവിടുമെന്നും ജോണി നെല്ലൂർ അറിയിച്ചു.കേരളാ കോൺഗ്രസ് ജേക്കബ് ഗ്രൂപ്പ് ചെയർമാനും യു.ഡി.എഫിന്റെ സെക്രട്ടറിയുമായിരുന്നു ജോണി നെല്ലൂർ. ടി.എം ജേക്കബ് കേരളാ കോൺഗ്രസ് മാണി വിഭാഗം പിളർത്തി പുതിയ പാർട്ടി 1992ൽ രൂപീകരിച്ചപ്പോൾ അദ്ദേഹത്തിനൊപ്പം അടിയുറച്ച് നിന്നയാളായിരുന്നു ജോണി നെല്ലൂർ.



## കർണാടക നിയമസഭ തെരഞ്ഞെടുപ്പ്; പത്രിക സമർപ്പിച്ച് പ്രമുഖ നേതാക്കൾ: അവസാന തീയതി നാളെ

ബെംഗളൂരു: കർണാടക നിയമസഭാ തെരഞ്ഞെടുപ്പിന് പത്രിക സമർപ്പിച്ച് പ്രമുഖ നേതാക്കൾ. നിയമസഭാ തിരഞ്ഞെടുപ്പിൽ എ.ഐ.എ.ഡി.എം.കെ മത്സരിക്കുമെന്ന് ജനറൽ സെക്രട്ടറി എടപ്പാടി പളനിസ്വാമി. ഇന്ന് രാവിലെ നടന്ന പാർട്ടി എക്സിക്യൂട്ടീവ് കമ്മിറ്റിയിലാണ് പ്രഖ്യാപനം ഉണ്ടായത്. ബംഗളുരു പുലികേശിനഗർ മണ്ഡലത്തിൽ നിന്ന് കർണാടക സംസ്ഥാന അധ്യക്ഷൻ ഡി.അൻബരശൻ ജനവിധി തേടും. നാളെയാണ് നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി. മുഖ്യമന്ത്രി ബസവരാജ് ബൊമ്മൈ ഷിഗാവിൽ പത്രിക നൽകി. വലിയ റോഡ് ഷോ ആയി നടൻ കിച്ച സുദീപിനൊപ്പം ബൊമ്മൈ ഇന്ന് മണ്ഡലം മുഴുവൻ തെരഞ്ഞെടുപ്പ് പ്രചാരണം നടത്തും. സിദ്ധരാമയ്യ വരുണയിൽ പത്രിക നൽകി. കൊച്ചുമകൻ ദാവനൊപ്പമെത്തിയാണ് സിദ്ധരാമയ്യ പത്രിക നൽകിയത്. കോലാറിൽ മത്സരിക്കാനുള്ള സിദ്ധരാമയയ്യുടെ നീക്കം കോൺഗ്രസ് വെട്ടിയിരുന്നു. വലിയ തെരഞ്ഞെടുപ്പ് റാലിയായയാണ് സിദ്ധരാമയ്യ പത്രിക സമർപ്പിച്ചത്. യെദിയൂരപ്പയ്ക്കൊപ്പമെത്തിയാണ് ബി.ജെ.പി നേതാവ് വിജയേന്ദ്ര പത്രിക നൽകിയത്.



## പാർട്ടി പറഞ്ഞാൽ നിയമസഭയിൽ ഒരു കൈനോക്കും: സുമലത

ബംഗളുരു: കർണാടക നിയമസഭാ തെരഞ്ഞെടുപ്പിൽ എച്ച്.ഡി കുമാരസ്വാമി ചന്നപട്ടണയ്ക്ക് പിന്നാലെ മാണ്ഡ്യയിൽ കൂടി മത്സരിച്ചാൽ എതിർ സ്ഥാനാർഥിയായി നിലവിൽ എം.പിയായ സുമലത മത്സരിച്ചേക്കും. ബി.ജെ.പി തരംഗം സംസ്ഥാനത്ത് ആഞ്ഞടിക്കുകയാണെന്നും പാർട്ടി പറഞ്ഞാൽ നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ തയ്യാറാണെന്നും സുമലത പറഞ്ഞു. ബി.ജെ.പിയിൽ ചേർന്നില്ലെങ്കിലും സുമലത ഇത്തവണ ബി.ജെ.പിക്കൊപ്പമാണെന്ന് നേരത്തേ വ്യക്തമാക്കിയതാണ്. മാണ്ഡ്യയിൽ ആര് വന്നാലും അതിനെ നേരിട്ട് ശക്തമായ മത്സരം കാഴ്ച വയ്ക്കാൻ കഴിയുമെന്ന വിശ്വാസം തനിക്കുണ്ടെന്ന് സുമലത പറഞ്ഞു. മാണ്ഡ്യ മേഖലയിൽ ബി.ജെ.പിക്ക് വേണ്ടി പ്രചാരണത്തിനിറങ്ങുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വ്യക്തിപ്രഭാവം തന്നെ ആകർഷിച്ചുവെന്നും സുമലത പറഞ്ഞിരുന്നു.ഇതിന് പിന്നാലെയാണ് നിയമസഭാ തെരഞ്ഞെടുപ്പിൽ സുമലത മത്സരിക്കാനിറങ്ങുമെന്ന സൂചനകൾ ശക്തമാകുന്നത്. ചന്നപട്ടണയ്ക്ക് പുറമേ മാണ്ഡ്യയിൽ നിന്ന് കൂടി മത്സരിക്കാൻ കുമാരസ്വാമി ആലോചിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ ശക്തമായ മത്സരം കാഴ്ച വയ്ക്കാനാണ് ബി.ജെ.പി ശ്രമിക്കുന്നത്. താൻ മത്സരിക്കാൻ റെഡിയാണെന്ന് സുമലത അറിയിക്കുകയും ചെയ്തിട്ടുണ്ട്.

2019-ൽ കുമാരസ്വാമിയുടെ മകൻ നിഖിലിനെ തോൽപിച്ചാണ് മാണ്ഡ്യയിൽ സുമലത അട്ടിമറി വിജയം നേടിയത്. എന്നാൽ മണ്ഡലത്തിൽ കടുത്ത വിരുദ്ധവികാരം നിലവിൽ സുമലത നേരിടുന്നുണ്ട്. ഇനിയൊരു തവണ മത്സരിച്ചാൽ ജയിക്കില്ലെന്ന് സുമലത തിരിച്ചറിയുന്നുണ്ട്. അതിനാലാണ് സംസ്ഥാന രാഷ്ട്രീയത്തിലേക്ക് ബി.ജെ.പി പിന്തുണയോടെ ഇറങ്ങാൻ സുമലത ആലോചിക്കുന്നത്.






പഴശ്ശിരാജാ പുരാവസ്തു മ്യൂസിയത്തിൽ നടന്ന ലോക പൈതൃക ദിനാഘോഷം 'എർത്ത് ലോർ ഗോത്ര പൈതൃക ശിൽപശാലയിൽ' നിന്ന്

## അരിക്കൊമ്പനെ മാറ്റാനുള്ള സ്ഥലം സർക്കാർ തന്നെ കണ്ടെത്തണം; കേസിൽ ഇടക്കാല ഉത്തരവുമായി ഹൈക്കോടതി

കൊച്ചി: അരിക്കൊമ്പൻ വിഷയത്തിൽ ഇടക്കാല ഉത്തരവുമായി ഹൈക്കോടതി. അരിക്കൊമ്പനെ എവിടേക്ക് മാറ്റണമെന്ന കാര്യത്തിൽ സർക്കാർ തന്നെ സ്ഥലം കണ്ടെത്തണമെന്നും എല്ലാ ജില്ലകളിലും ടാസ്ക് ഫോഴ്സ് ഉടൻ തന്നെ രൂപീകരിക്കണമെന്നും കോടതി നിർദേശിച്ചു. ചിന്നക്കനാലിൽ നിന്ന് കാട്ടാനയെ എങ്ങനെ മാറ്റുമെന്ന റിപ്പോർട്ട് വിദഗ്ധ സമിതിയെ സീൽ ചെയ്ത കവറിൽ അറിയിക്കണം. സർക്കാർ തീരുമാനിച്ച സ്ഥലം വിദഗ്ധ സമിതി അംഗീകരിച്ചാൽ ഹൈക്കോടതി തീരുമാനത്തിനായി കാക്കാതെ നടപടിയുമായി മുന്നോട്ട് പോകാമെന്നും കോടതി വ്യക്തമാക്കി. കേസ് മെയ് മൂന്നിന് വീണ്ടും പരിഗണിക്കും. അതേസമയം വനം വകുപ്പിനെ ഹൈക്കോടതി രൂക്ഷമായി വിമർശിച്ചു. എങ്ങനെ പണി എടുക്കാതിരിക്കാം എന്നാണ് വനം വകുപ്പ് നോക്കുന്നതെന്നും ആർക്കും ഉത്തരവാദിത്വം ഏറ്റെടുക്കാൻ പറ്റില്ലെന്നും കോടതി വിമർശിച്ചു. അരിക്കൊമ്പനെ എവിടേക്ക് മാറ്റണമെന്ന സർക്കാർ നിർദേശം പരസ്യപ്പെടുത്തരുതെന്നും കോടതി നിർദേശിച്ചു. ഇടുക്കിയിലും വയനാട്ടിലും പാലക്കാട്ടും ആദ്യം ടാസ്ക് ഫോഴ്സ് രൂപീകരിക്കണമെന്നും കോടതി പറഞ്ഞു. 'എന്നാൽ ടാസ്ക് ഫോഴ്സിൽ ഒരാൾക്ക് ഉത്തരവാദിത്വം വേണം. അത് ഡി.എഫ്.ഒ ആയാലും വൈൽഡ് ലൈഫ് വാർഡൻ ആയാലും പ്രശ്നമില്ല', കോടതി വ്യക്തമാക്കി. അരിക്കൊമ്പനെ പറമ്പിക്കുളത്തേക്ക് മാറ്റുന്നതിൽ വലിയ പ്രതിഷേധമാണ് ഉയരുന്നത്. സർക്കാർ നിർദേശിക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് പുറത്ത് പറഞ്ഞാൽ സമാന സാഹചര്യം ഉണ്ടായേക്കാമെന്ന ആശങ്കയിലാണ് സർക്കാർ.



## മുസ്ലിം പ്രദേശങ്ങളിൽ എല്ലാവർക്കും പരിഗണനയുണ്ട്: ഹുസൈൻ മടവൂർ

ജിദ്ദ: മുസ്ലിം പ്രദേശങ്ങളിൽ മറ്റുള്ളവർക്ക് വലിയ പരിഗണനയുണ്ടെന്നും അവർ ആരെയും അകറ്റുകയോ വെറുക്കുകയോ ചെയ്യുന്നില്ലെന്നും പ്രമുഖ ഇസ്ലാമിക പണ്ഡിതനും കോഴിക്കോട് പാളയം ജുമാ മസ്ജിദ് ചീഫ് ഇമാമുമായ ഡോ. ഹുസൈൻ മടവൂർ പറഞ്ഞു. സീറോ മലബാർ സഭാ ആർച്ച് ബിഷപ്പ് ജോർജ്ജ് ആലഞ്ചേരിയുടേതായി വന്ന ഒരു പ്രസ്താവനയിൽ മുസ്ലിങ്ങൾക്ക് ശക്തിയുണ്ടായാൽ അവർ മറ്റുള്ളവരെ തുരത്തും എന്ന് പറഞ്ഞിരുന്നു. ആ വാർത്ത ഗൾഫ് പത്രങ്ങളിലും വന്നിട്ടുണ്ട്. അത് ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യക്കാർക്ക് പ്രയാസങ്ങളുണ്ടാക്കും. അദ്ദേഹം അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ അത് വസ്തുതാ വിരുദ്ധമാണ്. ഏറ്റവും കൂടുതൽ മുസ്ലിങ്ങളുള്ള ഇന്തോനേഷ്യയിൽ ഹിന്ദു, ക്രിസ്ത്യൻ ഉൾപ്പെടെ എല്ലാ മത വിഭാഗങ്ങൾക്കും എല്ലാ സ്വാതന്ത്ര്യവുമുണ്ട്. മലേഷ്യ, ബ്രൂണായ് തുടങ്ങിയ മുസ്ലിം രാഷ്ട്രങ്ങളിലും അങ്ങനെ തന്നെയാണ്. ഖത്തറിൽ വിവിധ ക്രിസ്ത്യൻ സഭകളുടെ ഒരു ചർച്ച് കോംപ്ലക്സ് തന്നെയുണ്ട്. അബൂദാബിയിൽ ലോകത്തിലെ തന്നെ ഏറ്റവും വലിയ ക്ഷേത്രമാണുയർന്ന് വരുന്നത്. ഇതിനെല്ലാം സ്ഥലവും സൗകര്യങ്ങളും സൗജന്യമായി നൽകുന്നത് മുസ്ലിം ഭരണാധികാരികളാണ്. സൗദി ഉൾപ്പെടെ എല്ലാ ഗൾഫു രാജ്യങ്ങളിലും വ്യവസായം, തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിൽ എല്ലാ മതക്കാരുമുണ്ട്. എല്ലാവർക്കും പണം സമ്പാദിച്ച് തങ്ങളുടെ നാട്ടിലേക്കയക്കാം. ഇറാഖ്, സിറിയ, ലെബനാൻ , ഈജിപ്ത്, ജോർഡാൻ, തുർക്കി തുടങ്ങിയ മുസ്ലിം ഭൂരിപക്ഷ രാഷ്ട്രങ്ങളിൽ എല്ലാ മതക്കാർക്കും തുല്യ അവകാശങ്ങളുണ്ട്. പല ക്രൈസ്തവ സഭകളുടേയും ആസ്ഥാനങ്ങളും അവിടങ്ങളിലാണ്. വസ്തുതാവിരുദ്ധമായ പ്രസ്തുത പരാമർശം കർജിനാൾ ആലഞ്ചേരി പിൻവലിക്കണമെന്നും ഡോ.മടവൂർ അശ്യപ്പെട്ടു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.